(ബി) പ്രത്യേക അന്വേഷണ സംഘം എടുത്ത കേസുകളല്ലാതെ ശ്രീമതി സരിത എസ്. നായരുടെ പേരിൽ മറ്റേതെങ്കിലും വാറണ്ടായ കേസുകൾ ഉള്ളതായി അറിയാമോ ; പ്രത്യേക അന്വേഷണ സംഘം രജിസ്റ്റർ ചെയ്ത ഏതെല്ലാം കേസ്സുകളിൽ ക്രിമിനൽ ഗൂഡാലോചന ഉൾപ്പെടെയുള്ള കുറ്റം ചുമത്തിയിട്ടുണ്ട്, ജാമ്യം ലഭിക്കാവുന്ന വകുപ്പുകൾ മാത്രം ശ്രീമതി സരിത എസ്. നായർക്ക് എതിരെ ചുമത്തിയാൽ മതി എന്ന നിർദ്ദേശം അന്വേഷണ സംഘത്തിന് ലഭിച്ചിട്ടുണ്ടായിരുന്നോ ;

(സി) ശ്രീമതി സരിത എസ്. നായർ പണം നൽകി എത്ര തട്ടിപ്പ് കേസുകൾ ഒത്തു തീർപ്പാക്കിയിട്ടുണ്ട്, ഉപഭോക്തൃ കോടതിയിലെ കേസ് ഒത്തു തീർപ്പാക്കുന്നതിനുൾപ്പെടെ സരിതയ്ക്ക് ലഭിച്ച പണത്തിന്റെ സ്രോതസ്സ് അന്വേഷണസംഘം അന്വേഷിക്കുകയുണ്ടായോ ; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ&ബി) സോളാർ തട്ടിപ്പ് കേസിലെ മുഖ്യപ്രതി ശ്രീമതി സരിതാ എസ്. നായർക്കെതിരെ നിലവിൽ 45 കേസുകൾ സംസ്ഥാനത്ത വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിന്മേൽ കുറ്റപത്രം/റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ഏതൊക്കെ കോടതികളിലാണ് സമർപ്പിച്ചിട്ടുള്ളതെന്ന വിവരവും ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(സി) കേസിലെ കുറ്റകൃത്യങ്ങളെക്കുറിച്ച് അന്വേഷണ സംഘം വിശദമായി അന്വേഷിച്ചിട്ടുള്ളതാണ്. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല

പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം

(73) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാറായിട്ടും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് പി.എസ്.സി. നിയമനം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ ഏതൊക്കെ വിഷയങ്ങളിലാണ് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫിസിക്സ്, ഹിന്ദി, ഇംഗ്ലീഷ്, കെമിസ്ട്രി എന്നീ വിഷയങ്ങളുടെ റാങ്ക് ലിസ്റ്റ് എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ.. വിഭാഗങ്ങളിൽ നിലവിലുണ്ടോ ;

(ഡി) എത്രപേരുടെ റാങ്ക് ലിസ്റ്റാണ് ഓരോ വിഭാഗത്തിലും നിലവിലുള്ളതെന്ന് ജനറൽ വിഭാഗം, എസ്.സി./ എസ്.ടി. വിഭാഗം, മറ്റ് സംവരണ വിഭാഗം ഇനം തിരിച്ച് ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എക്സൈസ് ഇൻസ്പെക്ടറുടെ ഒഴിവുകൾ യഥാസമയം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) HSST (ഇംഗ്ലീഷ്), VHSE (ഇംഗ്ലീഷ്), VHSE (ഫിസിക്സ്), VHSE (കെമിസ്ട്രി) എന്നിവയുടെ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്.

(ഡി) വിശദവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

അനുബന്ധം -3

(2014-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിനെ സംബന്ധിച്ച നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി മേശപ്പുറത്തുവച്ച പ്രസംഗം)

വിദേശരാജ്യങ്ങളിൽ ജീവിക്കുന്ന മലയാളികൾ സംസ്ഥാനത്തിന്റെ പുരോഗതിയിൽ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 18 ലക്ഷം പ്രവാസികളിലൂടെ ഓരോ വർഷവും 90,000 കോടി രൂപയാണ് സംസ്ഥാനത്തെത്തുന്നത്. എന്നാൽ നമ്മുടെ ജനാധിപത്യ പ്രക്രിയയിൽ നിന്ന് ഇവരെ അകറ്റി നിർത്തുന്ന സ്ഥിതിയാണ് ഇതുവരെ ഉണ്ടായിരുന്നത്. ഇതുമാറ്റി അടുത്ത തദ്ദേശ തെരഞ്ഞെടുപ്പിൽ വിദേശത്തുനിന്നുതന്നെ ഇവരുടെ ഹിതം രേഖപ്പെടുത്താൻ അവസരം നൽകണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി ആയിരുന്നപ്പോഴും മുൻ യു.പി.എ. സർക്കാരിന്റെ കാലത്തും ശ്രീ. എ. കെ. ആന്റണി ഇതിനായി നടത്തിയ ശ്രമങ്ങളുടെ തുടർച്ചയായി ഇപ്പോൾ ലോകസഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾക്കുള്ള വോട്ടർപട്ടികയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly